# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1766

06-07-2015- ൽ മറുപടിക്ക്

## വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട യോഗം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ : | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യ മന്ത്രി) |
| (എ) വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് 3/6/2015 ന് മുഖ്യമന്ത്രി വിളിച്ച് ചേർത്ത യോഗ നടപടികളുടെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | മിനിറ്റ്സിന്റെ പകർപ്പ് അനുബന്ധം 1 ആയി വച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത യോഗ തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു; ടെണ്ടറുമായി ബന്ധപ്പെട്ട പുതിയ എന്തെല്ലാം രേഖകൾ പരസ്യപ്പെടുത്തണമെന്നായിരുന്നു യോഗത്തിൽ ആവശ്യമുയർന്നത്; അവ ആവശ്യപ്പെട്ടവർക്ക് ലഭ്യമാക്കുകയുണ്ടായോ; | (ബി) | പ്രസ്തുത യോഗത്തിൽ പദ്ധതിയെപറ്റിയുള്ള ആശയവിനിമയവും, രാഷ്ട്രീയ കക്ഷി പ്രതിനിധികൾ ഉന്നയിച്ച ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി സർക്കാർ നൽകുകയുണ്ടായെങ്കിലും പദ്ധതിയുടെ ടെണ്ടറിനെ സംബന്ധിച്ച് ഒരു സമവായത്തിൽ യോഗം എത്തിയില്ല. ടെണ്ടറുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഉന്നതാധികാരി സമിതിയുടെ മിനിറ്റ്സ് പൂർണ്ണ രൂപത്തിലും അദാനി പോർട്ട് സമർപ്പിച്ച ബിഡ് ഡോക്യുമെന്റും പ്രസിദ്ധപ്പെടുത്തണമെന്ന് യോഗത്തിൽ ആവശ്യമുയർന്നിട്ടുണ്ടായിരുന്നു. ഇവയുടെ പകർപ്പുകളും കൂടാതെ Manual of Specifications & Standards (MSS) ഉം Basic Engineering Report ഉം പദ്ധതിയുടെ വെബ്സൈറ്റിൽ (www.vizhinjamport.in) സർവ്വകക്ഷിയോഗത്തിനു ശേഷം പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | ചില രേഖകൾ നല്കാൻ നിർവ്വാഹമില്ലെന്ന് യോഗത്തെ മുഖ്യമന്ത്രി അറിയിച്ചിട്ടുണ്ടായിരുന്നുവോ; അവ ഏതെല്ലാമായിരുന്നുവെന്നറിയിക്കുമോ ? | (സി) പദ്ധതിയുടെ ടെണ്ടറിനു വേണ്ടി പ്രസിദ്ധീകരിച്ചിട്ടുള്ള Request for Proposal(RFP) ൽ പറഞ്ഞിട്ടുള്ള Confidentiality Clause 2.18 പ്രകാരമുള്ള രേഖകൾ പ്രസിദ്ധീകരിക്കുവാൻ നിർവ്വാഹമില്ല എന്നാണ് മുഖ്യമന്ത്രി അറിയിച്ചത്. സർവ്വകക്ഷി യോഗത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ നിയമ ഉപദേശകരായ HSA Advocates ന്റെ ഉപദേശപ്രകാരം ടെണ്ടറുമായി ബന്ധപ്പെട്ട എല്ലാ ഡോക്യുമെന്റുകളും വെബ്സൈറ്റിൽ (www.vizhinjamport.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്